## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ഗോത്രവർഗ്ഗക്കാരുടെ പരമ്പരാഗത കലാരൂപങ്ങൾ

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4122      27-06-2012-ൽ മറുപടിയ്ക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | കുമാരി.പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) ഗോത്രവർഗ്ഗക്കാരുടെ പരമ്പരാഗത കലാരൂപങ്ങൾ സംരക്ഷിക്കുന്നതിനും, ഈ മേഖലയിൽ പഠനങ്ങളും ഗവേഷ ണങ്ങളും നടത്തുന്നവരെ സഹായിക്കു ന്നതിനും പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന് എന്തെങ്കിലും പദ്ധതികളുണ്ടോ; | (എ) ഉണ്ട്, ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സർക്കാരിൻ കീഴിൽ കോഴിക്കോട് ആസ്ഥാനമാക്കി 1998 മുതൽ കിർത്താഡ്സിന്റെ **'ആദികലാകേന്ദ്രം'** പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാർക്കിടയിലെ കലാരൂപങ്ങളും വാദ്യോപകരണങ്ങളും സംരക്ഷിക്കുന്നതിന് കലാസാംസ്കാരിക സമിതികൾ രൂപീകരിച്ച് സാമ്പത്തിക സഹായം നൽകുന്നത് കൂടാതെ ഗോത്രവർഗ്ഗപൈതൃക സംരക്ഷണ നിയമം നിർമ്മിക്കുവാൻ വേണ്ട നടപടികളും സ്വീകരിച്ചു വരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകളും കിർത്താഡ്സും സംയുക്തമായി 'പൈതൃകോത്സവം' എന്ന പേരിൽ രണ്ടു മേളകൾ പ്രതിവർഷം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി നടത്തി വരുന്നു. |
| (ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണി ക്കുമോ? | (ബി) ബാധകമല്ല |

**സെക്ഷൻ ഓഫീസർ.**